**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1927** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ പെരിങ്കുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയ ആലത്തൂർ മണ്ഡലത്തിലെ പെരിങ്കുന്നം ജി.എൽ.പി.എസ്. ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുഴൽമന്ദം ഗ്രാമപഞ്ചായത്ത് പെരുംകുന്നം ജി.എൽ.പി. എസ് ഗ്രൗണ്ടിന്റെ നിർമ്മാണത്തിനായി ആലത്തൂർ നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാകളക്ടർ 40ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ 16.03.2024-ൽ കായിക വകുപ്പ് ഡയറക്ടർ, എ3-554/23/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 80 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 75.11 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും 14.06.2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഗ്രൗണ്ടിന്റെ നിർമ്മാണ പ്രവർത്തനം മന്ദഗതിയിലാകുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് കായിക യുവജനകാര്യ ഡയറക്ടർ 16.03.2024-ന് സമഗ്ര ഭരണാനുമതി നൽകിയിരുന്നുവെങ്കിലും തുടർന്ന് തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വന്നത്. നിലവിൽ പെരുമാറ്റച്ചട്ടം മാറിയ സാഹചര്യത്തിൽ ടി പ്രവർത്തി 14.06.2024-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ